# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7470* 14/07/2014 *ൽ മറുപടിക്ക്*

## മിഷൻ 676 പ്രകാരം കൊല്ലം ജില്ലയിലുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ഗുരുദാസൻ : | | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | മിഷൻ 676 ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | പഞ്ചായത്ത് ഡയറക്ടർ നൽകിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നഗരകാര്യ ഡയറക്ടറിൽ നിന്നും വിവരം ശേഖരിച്ചു വരുന്നു.<br><br>I ) ഭവന നിർമ്മാണം<br><br>എ) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി പ്രകാരം 31/05/2012 ന് മുൻപ് എഗ്രിമെന്റ് വച്ചതും എന്നാൽ പണി പൂർത്തീകരിക്കാത്തതുമായ മുഴുവൻ ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം പൂർത്തീകരിക്കൽ പദ്ധതി<br><br>ബി) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എസ്.സി/എസ്.ടി വകുപ്പ് മുഖേന വീട് നൽകുന്ന പദ്ധതി.<br><br>II) പാട്ടക്കൃഷി<br><br>കുടുംബശ്രീയുമായി ചേർന്ന് 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമ പ്രകാരം പഞ്ചായത്ത് സെക്രട്ടറിയ്ക്ക് ഏറ്റെടുത്ത് കൃഷി ചെയ്യാവുന്ന ഭൂമിയിൽ ഭൂവുടമ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ എന്നിവയുടെ ത്രികക്ഷി കരാറിലൂടെ പാട്ടക്കൃഷി ചെയ്യുന്നതിനുള്ള പദ്ധതി. |

| | | | |
|---|---|---|---|
| | | | **III മാതൃകാ അറവുശാലകൾ**<br>ഗ്രാമ പഞ്ചായത്തുകളിൽ ആധുനിക അറവ്ശാല നിർമ്മിക്കുന്ന പദ്ധതി.<br>**IV ഗ്യാസ് ക്രിമിറ്റോറിയം**<br>ഗ്രാമ പഞ്ചായത്തുകളിൽ ഗ്യാസ് അധിഷ്ഠിത ശ്മശാനം നിർമ്മിക്കുന്ന പദ്ധതി<br>**V ഖരമാലിന്യ സംസ്കരണ പദ്ധതി**<br>ഗ്രാമ പഞ്ചായത്തുകളിൽ ശുചിത്വ മിഷനുമായി ചേർന്ന് വിവിധ തരം മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാൻ പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (ബി) | **I ) ഇ.എം.എസ്. ഭവന പദ്ധതി**<br>എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി വായ്പ മുഖേന നടപ്പാക്കുന്നു.<br>ബി) പട്ടിക വർഗ്ഗ ഭവന നിർമ്മാണ പദ്ധതി എസ്.സി/എസ്.ടി വകുപ്പ് മുഖേന നടപ്പിലാക്കുന്നു.<br>**II) പാട്ടക്കൃഷി**<br>കുടുംബശ്രീ മുഖേന ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതം /തനത് ഫണ്ട്/ കുടുംബശ്രീ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| | | | **III) <u>മാതൃകാ അറവുശാല</u>**<br><br>മാതൃകാഅറവ്ശാലാ നിർമ്മാണത്തിന് സർക്കാർ ധനസഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് നൽകുന്നു.<br><br>**IV) <u>ഗ്യാസ് ക്രിമിറ്റോറിയം</u>**<br><br>സർക്കാരിൽ നിന്നുള്ള ധന സഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് നൽകുന്നു.<br><br>**V) <u>ഖരമാലിന്യ സംസ്കരണം</u>**<br><br>സർക്കാരിൽ നിന്നുള്ള ധന സഹായം കൂടാതെ പദ്ധതിയിൽ നിന്നും ഫണ്ട് വിതരണം ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കും എന്നറിയിക്കുമോ; | (സി) | പ്രസ്തുത പദ്ധതികളുടെ നടപടി കൾ ആരംഭിച്ചു കഴിഞ്ഞു. |
| (ഡി) | പ്രസ്തുത പദ്ധതി പുരോഗതി അവലോകനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ